**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3221** **13-07-2022 - ൽ മറുപടിയ്ക്ക്**

**ആശ്രിതനിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈരാറ്റുപേട്ട സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ അദ്ധ്യാപിക ആയിരിക്കെ മരണമടഞ്ഞ ആശാദേവി എം.എസിന്റെ അവകാശിയായ ശ്രീ. അനീഷ് കുമാർ എം.എസ്, ആശ്രിത നിയമനത്തിനായി ഫയൽ നമ്പർ 228565/2021 പ്രകാരം നൽകിയിരുന്ന അപേക്ഷയിൽ ഹയർസെക്കന്ററി ഡയറക്ടറേറ്റ് നടപടി സ്വീകരിക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഈരാറ്റുപേട്ട സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.എസ്.ടി (ജൂനിയർ) (ഹിന്ദി) അദ്ധ്യാപിക ആയിരിക്കെ മരണമടഞ്ഞ ആശാദേവി എം.എസിന്റെ അവകാശിയായ സഹോദരൻ ശ്രീ. അനീഷ് കുമാർ എം.എസ്, ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ. അനീഷ് കുമാർ എം.എസ്-ന് ഉയർന്ന പ്രായപരിധിയായ 36 വയസ്സ് അധികരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നിരസിച്ചിരുന്നു. ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് ആശ്രിത നിയമനത്തിന് മരണപ്പെട്ട ജീവനക്കാരന്റെ സഹോദരന് അപേക്ഷിക്കുന്നതിന് പ്രായപരിധി ബാധകമാണ്. എന്നാൽ പാർട്ട് ടൈം കണ്ടിജന്റ് തസ്തികകൾക്ക് പ്രായപരിധി ബാധകമല്ല. |
| (ബി) | പ്രസ്തുത ഫയൽ സർക്കാരിലേക്ക് അയച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ സർക്കാർ ഫയൽ നമ്പർ നൽകാമോ; | (ബി) | പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അപേക്ഷ നിരസിച്ചതിനാൽ സർക്കാരിൽ അപേക്ഷ ലഭിച്ചിട്ടില്ല. |
| (സി) | ശ്രീ. അനീഷ് കുമാറിന് എത്രയും വേഗം ആശ്രിത നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ശ്രീ. അനീഷ് കുമാർ എം.എസ്, പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിലേക്ക് പുനർ സമർപ്പിച്ചിരിക്കുന്ന അപേക്ഷ ഈരാറ്റുപേട്ട ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലിന്റെ 09.06.2022-ലെ കത്തിനൊപ്പം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ട്. ആയത് സർക്കാരിൽ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ